പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3109** **21-08-2017-ലെ മറുപടിയ്ക്ക്**

**കോതമംഗലം മിനി സിവിൽ സ്റ്റേഷന് മുനിസിപ്പാലിറ്റിയിൽ നിന്നും കെട്ടിടനമ്പർ ലഭ്യമാക്കുന്നതിന് നടപടി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.ആന്റണി ജോൺ :** | **ഡോ. കെ.റ്റി. ജലീൽ (തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)** |
| എ) കോതമംഗലം മിനി സിവിൽ സ്റ്റേഷൻ പണി പൂർത്തീകരിച്ച് വിവിധ ഓഫീസുകൾക്ക് വേണ്ട സ്പേസ് അലോട്ട്മെന്റും കാബിനുകളുടെ നിർമ്മാണവും പൂർത്തീകരിച്ചെങ്കിലും മുനിസിപ്പാലിറ്റിയിൽ നിന്നും കെട്ടിടനമ്പർ ലഭ്യമാകാത്തതിനാൽ സിവിൽ സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) സിവിൽ സ്റ്റേഷന് നമ്പർ ലഭ്യമാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദീകരിക്കുമോ ; | (ബി) മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിന് ആകെ 6 നിലകളാണുള്ളത്. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം നഗരസഭയിൽ നിലനിൽക്കുന്നതിനാൽ നഗരസഭയുടെ പേരിൽതന്നെ താഴത്തെ 3 നിലകൾക്ക് നമ്പർ അനുവദിച്ചിട്ടുണ്ട്. എന്നാൽ റവന്യൂ വകുപ്പ് നിർമ്മിച്ച കെട്ടിടത്തിന് നഗരസഭയുടെ പേരിൽ നമ്പർ നൽകിയത് പൊതുമരാമത്ത്, റവന്യൂ വകുപ്പുകൾ അംഗീകരിക്കുന്നില്ല. മുകളിലുള്ള 3 നിലകൾക്ക് കെട്ടിട നമ്പർ നൽകുന്നതിന് ഫയർ എൻ.ഒ.സി. ആവശ്യമാണ്. ആയത് ഹാജരാക്കിയിട്ടില്ല. 30.9.2009-ലെ സ.ഉ(സാധ) നമ്പർ 2493/2009/തസ്വഭവ പ്രകാരം, കെട്ടിടം നിർമ്മിച്ച സ്ഥലത്തിന്റെ ഉടമസ്ഥാവകാശം നഗരസഭയിൽ നിലനിർത്തിയിട്ടുള്ളതിനാൽ റവന്യൂ വകുപ്പിന്റെ പേരിൽ കെട്ടിട നമ്പർ അനുവദിക്കാൻ കഴിയില്ല. |

| | | | |
|---|---|---|---|
| (സി) | സിവിൽ സ്റ്റേഷന് കെട്ടിട നമ്പർ ലഭിക്കാത്തതിനാൽ വൈദ്യുതി / വാട്ടർ കണക്ഷൻ ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | നിർമ്മാണത്തിനുവേണ്ടിയുള്ള കണക്ഷനുകളാണ് ഇപ്പോൾ നിലവിലുള്ളത്. |
| (ഡി) | എത്രയും വേഗത്തിൽ സിവിൽ സ്റ്റേഷന് കെട്ടിടനമ്പർ ലഭ്യമാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ? | (ഡി) | സ്ഥലത്തിന്റെ ഉടമസ്ഥാവകാശം നഗരസഭയ്ക്കായതിനാൽ റവന്യൂ വകുപ്പിന്റെ പേരിൽ കെട്ടിട നമ്പർ അനുവദിക്കാൻ കഴിയില്ല. കൂടാതെ മുകളിലുള്ള 3 നിലകൾക്ക് കെട്ടിട നമ്പർ നൽകുന്നതിന് ഫയർ എൻ.ഒ.സി. യും ഹാജരാക്കേണ്ടതായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ